പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3169** **10.12.2018-ൽ മറുപടിക്ക്**

## അങ്ങാടിപ്പുറം - മാനത്തുമംഗലം ബൈപാസ് നിർമ്മാണം

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) മങ്കട മണ്ഡലത്തിലെ അങ്ങാടിപ്പുറം - മാനത്തുമംഗലം ബൈപാസ് നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; | (എ) മങ്കട മണ്ഡലത്തിലെ നിർദ്ദിഷ്ട ഓരാടംപാലം മാനത്തുമംഗലം ബൈപ്പാസ് റോഡിന്റെ അലൈൻമെന്റ് പ്രകാരം അതിർത്തികല്ലുകൾ സ്ഥാപിച്ചിരുന്നെങ്കിലും ധാരാളം ഭാഗത്ത് അതിർത്തിക്കല്ലുകൾ നഷ്ടപ്പെട്ടിരുന്നു. ആയവ പുന:സ്ഥാപിച്ചിട്ടുണ്ട്. അതിർത്തികല്ലുകൾ സ്ഥാപിച്ച ഭാഗങ്ങളിലെ സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി റവന്യൂ വകുപ്പാണ് കൈകാര്യം ചെയ്യേണ്ടത്. ഓരാടംപാലം മാനത്തുമംഗലംബൈപ്പാസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് പ്രത്യേക പരിഗണന നൽകി സമയബന്ധിതമായി തീർക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) അങ്ങാടിപ്പുറം റെയിൽവേ ഓവർ ബ്രിഡ്ജിന്റെ അലൈൻമെന്റ് മാറ്റുന്ന-തുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങൾ വകുപ്പ് തലത്തിൽ നടന്നിട്ടുണ്ട്;<br>(സി) റെയിൽവേയുടെ ലൈൻ ക്രോസ് ചെയ്യുന്ന ഭാഗം പുനർ നിശ്ചയി-ക്കുന്നതിന് റെയിൽവേയുമായി സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) & (സി) റെയിൽവേ ഓവർ ബ്രിഡ്ജിന്റെ അലൈൻമെന്റ് മാറ്റുന്നതുമായി ബന്ധപ്പെട്ട് അലൈൻമെന്റ് കടന്നുപോകുന്ന റെയിൽവേ ലൈൻ ക്രോസ്ചെയ്യുന്ന ഏഴുകണ്ണി പാലം ഭാഗത്ത് ഏഴുകണ്ണി പാലം ഒഴിവാക്കി ചെയ്യണമെന്ന് റെയിൽവേയുടെ നിർദ്ദേശം ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അതിർത്തിക്കല്ലുകൾ പുന:സ്ഥാപിക്കുന്ന-തിനും, റെയിൽവേ ലൈൻ ക്രോസിംഗ് വരുന്ന ഭാഗത്ത് അലൈൻമെന്റ് മാറ്റം വരുത്തുന്നതിനും, പുനർ നിശ്ചയിക്കുന്നതിനും ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തുകയും മാറ്റം വരുത്തിയ |

അലൈൻമെന്റ് റെയിൽവേ ക്രോസിംഗ് വരുന്ന ഭാഗത്തെ മേൽപാലത്തിന്റെ വിവരങ്ങളും റിപ്പോർട്ടും റെയിൽവേയ്ക്ക് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ റെയിൽവേ അധികൃതർ 26/09/2018 തീയതിയിൽ സൈറ്റ് സന്ദർശിക്കുകയും, നേരത്തെ സമർപ്പിച്ച ഡ്രോയിംഗിൽ റെയിൽവേ സ്പെസിഫിക്കേഷൻ അനുസരിച്ച് ചിലമാറ്റങ്ങൾ വരുത്തിയ സ്കെച്ച് ചീഫ് എഞ്ചിനീയർ സതേൺ റെയിൽവേ ചെന്നൈക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ